# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ജൂലൈ 23

# വാർത്താക്കുറിപ്പ്

## എം.ജി: പി.ജി, ബി.എഡ്.
## പരീക്ഷ കേന്ദ്രങ്ങളിൽ മാറ്റം

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കണ്ടെയ്ൻമെന്റ് സോണിലായ കോളജുകളിലെ പി.ജി., ബി.എഡ്. പരീക്ഷ കേന്ദ്രങ്ങൾ മാറ്റി പുനക്രമീകരിച്ചു. മഹാത്മാഗാന്ധി സർവകലാശാല ഇന്നും (ജൂലൈ 24) ജൂലൈ 27നും നടത്താനിരിക്കുന്ന പരീക്ഷകൾക്കുള്ള കേന്ദ്രങ്ങളാണ് മാറ്റിയത്. പത്തനംതിട്ട ജില്ലയിൽ പ്രത്യേക പരീക്ഷ കേന്ദ്രത്തിന് അപേക്ഷിച്ച ബി.എഡ്. വിദ്യാർഥികൾ കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ പരീക്ഷയ്ക്ക് ഹാജരാകണം.

ഇടത്തല അൽ അമീൻ കോളജ് പരീക്ഷ കേന്ദ്രമായവർ കളമശേരി സെന്റ് പോൾസ് കോളജിലും ഇടത്തല എം.ഇ.എസ്. ട്രെയിനിങ് കോളജിലെ വിദ്യാർഥികൾ തൃക്കാക്കര ഹിൽവാലി ട്രെയിനിങ് കോളജിലും മന്നം എച്ച്.ഡി.പി.വൈ. കോളജ് ഓഫ് എജ്യുക്കേഷനിലെ വിദ്യാർഥികൾ അണ്ടിപ്പിള്ളിക്കാവ് എച്ച്.ഡി.പി.വൈ.ഇ.എം. സ്കൂളിലും പരീക്ഷയെഴുതണം.

തിരുവല്ല സെന്റ് മേരീസ് ട്രെയിനിങ് കോളജിലെ വിദ്യാർഥികൾ ചെങ്ങന്നൂർ മാർ സെവേറിയോസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷനിലും തിരുവല്ല ടൈറ്റസ് സെക്കൻഡ് ട്രെയിനിങ് കോളജിലെ വിദ്യാർഥികൾ കോഴഞ്ചേരി സെന്റ് തോമസ് കോളജിലും തിരുവല്ല മാർതോമ കോളജിലെ വിദ്യാർഥികൾ കോഴഞ്ചേരി സെന്റ് തോമസ് കോളജിലും പരീക്ഷയെഴുതണം.

തിരുവല്ല പാലിയേക്കര സെന്റ് മേരീസ് കോളജിലെ വിദ്യാർഥികൾ പരുമല മാർ ഗ്രിഗോറിയസ് കോളജിലും ഇടത്തല എം.ഇ.എസ്. കോളജിലെ വിദ്യാർഥികൾ കളമശേരി സെന്റ് പോൾസ് കോളജിലും പരീക്ഷയെഴുതണം. കണ്ടെയിൻമെന്റ് സോണിലായതുമൂലം ഏതെങ്കിലും വിദ്യാർഥിക്ക് പരീക്ഷയെഴുതാൻ സാധിക്കാതെ വന്നാൽ മറ്റൊരു അവസരം നൽകുമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/761/2020)

## കോവിഡും ഭിന്നശേഷിയും;
## രാജ്യാന്തര വെബിനാർ ജൂലൈ 25ന്

കോവിഡും ഭിന്നശേഷിയും എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാല അന്തർസർവകലാശാല ഭിന്നശേഷി പഠന കേന്ദ്രം സംഘടിപ്പിക്കുന്ന രാജ്യാന്തര വെബിനാർ ജൂലൈ 25ന് ഉച്ചകഴിഞ്ഞ് 2.30ന് നടക്കും. അമേരിക്കയിലെ പിറ്റ്സ്ബർഗ് സർവകലാശാലയിലെ ഡോ. ടെസ മാക് കാർത്തി, ശ്രീലങ്ക കേളനിയ സർവകലാശാലയിലെ ഡോ. സമൻമാലി സുമനസേന, ആഫ്രിക്കയിലെ ടാൻസാനിയ ഓപ്പൺ യൂണിവേഴ്സിറ്റിയിലെ ഡോ. കോസ്മസ് മിന്യാനൈ, മെൽബണിലെ ബിഹേവിയറൽ ഹെൽപിലെ ഡോളി ഭാർഗവ, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ ഡോ. ജുവ്വ ശ്രീലത, വിപിൻ വി. റോൾഡന്റ് എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിക്കും. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. വിശദവിവരത്തിന് ഫോൺ: 0481 2731580, ഇ-മെയിൽ: iucdsmgu@gmail.com രജിസ്ട്രേഷന്: **https://forms.gle/HUgU7CHdfDqquR4Z7**

(പി.ആർ.ഒ/39/762/2020)

## കോവിഡും ലോകാരോഗ്യവും; രാജ്യാന്തര വെബിനാർ ജൂലൈ 25ന്

കോവിഡും ലോകാരോഗ്യവും എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാല അന്തർസർവകലാശാല ഭിന്നശേഷി പഠന കേന്ദ്രം സംഘടിപ്പിക്കുന്ന രാജ്യാന്തര വെബിനാർ ജൂലൈ 25ന് ഉച്ചയ്ക്ക് 12ന് നടക്കും. യു.എ.ഇ. ഗൾഫ് മെഡിക്കൽ സർവകലാശാലയിലെ പ്രൊഫ. ജയദേവൻ ശ്രീധരൻ, അമേരിക്കൻ ആരോഗ്യവകുപ്പിലെ ഡോ. രചിത് ചൗള, എയിംസിലെ പ്രൊഫ. പ്രദീപ് അഗർവാൾ, നേപ്പാൾ എംകോംസിലെ ഡോ. എച്ച്.എസ്. സുപ്രം, ദേശീയ രോഗനിയന്ത്രണ കേന്ദ്രത്തിലെ ഡോ. ബിനോയ് എസ്. ബാബു, നേപ്പാൾ എം.എം.ഐ.എച്ച്.എസിലെ പ്രൊഫ. സുജൻ മരഹത്ത, ഖത്തർ ഹമദ് മെഡിക്കൽ കോർപറേഷനിലെ ഡോ. ബ്രിജേഷ് സതിയൻ, ബ്രിട്ടനിലെ ബോംമൗത്ത് സർവകലാശാലയിലെ ഡോ. എഡ്‌വിൻ വാൻ ടെയിജിലിങ്കൺ, ഹഡേഴ്സ്ഫീൽഡ് സർവകലാശാലയിലെ ഡോ. പദം സിംഖദ എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിക്കും. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. രജിസ്ട്രേഷന്: **https://docs.google.com/forms/d/e/1FAIpQLSeZCBPUdUbzOxabO7PVKzjXZaUJd2hMw78A--y5sDK_W9DUrg/viewform?vc=0&c=0&w=1** വിശദവിവരത്തിന് ഫോൺ: 0481 2731580, ഇ-മെയിൽ: iucdsmgu@gmail.com

(പി.ആർ.ഒ/39/763/2020)

## സ്പെഷൽ കൗൺസിലിങ്: രാജ്യാന്തര വെബിനാർ ജൂലൈ 27ന്

'സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർഥികൾക്കുള്ള കൗൺസിലിങ് എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിങ് ഡിസബിലിറ്റീസും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും കാലിക്കട്ട് സർവകലാശാല ഗാന്ധിയൻ സ്റ്റഡീസ് ചെയറും സി.ആർ.എം.എൽ.ഡി.യും ഐ.സി.എ.യും സംയുക്തമായി സംഘടിപ്പിക്കുന്ന വെബിനാർ ജൂലൈ 27ന് നടക്കും. രാവിലെ 10ന് ഗൂഗിൾ മീറ്റ് വഴി നടക്കുന്ന വെബിനാർ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. വിശദവിവരത്തിന് ഫോൺ: 8304837715.

(പി.ആർ.ഒ/39/764/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ